Official Monthly Bulletin
September 2026

# MARIAN

## EXALTATION OF THE HOLY CROSS



**ST. MARY'S INDIAN ORTHODOX CATHEDRAL**
P.O. Box 834, Manama, Kingdom of Bahrain, Tel : 17252980
Email : info@stmarybahrain.com, Web : www.stmarybahrain.com/smiocbh

# MESSAGE FROM Vicar



**കൂടാരപ്പെരുന്നാളിൽ നിന്നും സ്ലീബായുടെ മഹത്വത്തിലേക്കുള്ള പ്രയാണം**

ഉയരങ്ങളിലേക്ക് കയറി കഴിയുമ്പോൾ അവിടെത്തന്നെ കൂടാരം അടിക്കാനും അതിൽ പാർക്കാനുമുള്ള തോന്നലുകളും പ്രലോഭനങ്ങളും ഉണ്ടാകും. അത്തരം തോന്നലുകളെ അതിജീവിച്ച ദിനത്തിന്റെ ഓർമ്മയാണ് മറുരൂപ പെരുന്നാൾ. അല്പം മുകളിലേക്ക് എത്തിയവർക്കൊക്കെ ഉണ്ടാകാവുന്ന ഒരു പ്രലോഭനമാണിത്.

കൂടാരം താൽക്കാലികമായ ഒരു വാസസ്ഥലം മാത്രമല്ല. നമ്മളെ കുറെയധികം സമയത്തേക്ക് അവിടെത്തന്നെ ചിലവഴിക്കാനും വേണമെങ്കിൽ അതിൽ സ്ഥിരപ്പെടാനും ഒക്കെയുള്ള സാധ്യത കൂടിയാണ്. ആയിരിക്കുന്ന അവസ്ഥയ്ക്കോ സ്ഥാനത്തിനോ കുറെ കൂടി താരപദവി സൃഷ്ടിച്ചെടുക്കാനുള്ള ബോധപൂർവ്വമായ ഇടപെടലോ തോന്നലുകളോ ഒക്കെയാണത്. നിസ്സാരമായി അഴിച്ചു മാറ്റാവുന്നതേയുള്ളൂ എന്നതാണ് കൂടാരങ്ങളുടെ പ്രത്യേകത. അത് നിർമ്മിച്ചു തരുന്നവർക്കും അത്തരം ഉദ്ദേശങ്ങൾ മാത്രമേയുള്ളൂ. കുറച്ചു സമയം കഴിയുമ്പോൾ നിങ്ങളുടെ ചുറ്റിലും ഉള്ള സംരക്ഷണ വലയങ്ങൾ വളരെ വേഗം തച്ചുടച്ച് നിങ്ങളെ അനാഥമാക്കുക. ഒരു കൂടാരം നിർമ്മിക്കാനുള്ള തോന്നലുകളും തോന്നിപ്പിക്കലും ഒക്കെ ധാരാളം നമുക്ക് ചുറ്റുമുണ്ട്. ഒരുവന്റെ ആത്മീയതയെ മൂടി വയ്ക്കാനുള്ള ഇത്തരം ധാരാളം കൂടാരപ്പണിക്കാർ ഉണ്ടാവും. നമ്മുടെ താൽപ്പര്യങ്ങളും അങ്ങനെ തന്നെയാണ്. ഇത്തരം പ്രലോഭനങ്ങളെ അതിജീവിച്ചവന്റെ പേരാണ് ക്രിസ്തു. അതിജീവിക്കാതെ അതിനെ പ്രോത്സാഹനം നൽകുന്നവന്റെ പേര് നാം ഓരോരുത്തർക്കും നൽകാം.

സ്വയം കൂടാരം നിർമ്മിക്കുന്നവരും മറ്റുള്ളവർ നിർമ്മിച്ചു തരുന്ന കൂടാരങ്ങളിൽ പാർക്കുവാൻ ഇഷ്ടപ്പെടുന്നവരും ഒക്കെയുണ്ട് ചുറ്റുവട്ടങ്ങളിൽ. മെച്ചമായ ഇടങ്ങൾ എന്ന് തോന്നിയാൽ പിന്നെ കൂടും കൂടാരവും ഒക്കെ നിർമ്മിച്ചു തരുവാൻ എത്ര പേരാണ് ചുറ്റിലും കൂടുക, നമ്മുടെ സംരക്ഷകരായും നിയന്ത്രിക്കുന്നവരായും ഒക്കെ. ആ കൂടാരങ്ങളിൽ പാർക്കുവാൻ തത്രപ്പെടുന്നവരൊക്കെ കാഴ്ചകളെ മറയ്ക്കുന്നവരാണ്. കൂടാരത്തിനുള്ളിലേക്ക് കയറി കഴിയുമ്പോൾ മറ്റുള്ളവർക്ക് തങ്ങളെ കാണുവാനോ, തനിക്ക് മറ്റുള്ളവരെ കാണുവാനോ സാധിക്കാത്തവിധം ഹ്രസ്വ ദൃഷ്ടിയുള്ളവരാകുന്നു.

കൂടാരവും കൂടാര വാസികൾക്കുമൊപ്പം ചുരുങ്ങി പോകാനുള്ളതല്ല ഗിരിമുകളിലെ അനുഭവം. മുകളിലേക്ക് കയറി പോയവരെയൊക്കെ നോക്കി താഴ്‌വാരത്തിൽ കുറെ അധികം ആളുകൾ ഉണ്ട് എന്ന് തോന്നലുകളും ഉണ്ടാവണം. ഈ വിധം ഉൾബോധമുള്ളവരെ കാണുമ്പോഴാണ് വസ്ത്രങ്ങൾ പോലും മിന്നിത്തിളങ്ങുന്നതായി മറ്റുള്ളവർക്ക് കാണുവാൻ സാധിക്കുന്നത്. August 6 ന് കൂടാരപ്പെരുന്നാൾ ആഘോഷിക്കുന്നു അവിടെ നിന്നും സ്ലീബാ പെരുന്നാളിലേക്കുള്ള പ്രയാണ കാലമായി ഒരു മാസത്തിലധികം അതായത് September 14, ഈ ഒരു കാലം വളർച്ചയുടേയും സ്വർഗ്ഗീയ മഹത്വത്തിന്റെയും, തിരിച്ചറിവിന്റെയും കാലമാണ്. കൂടാരം വിട്ട് സ്ലീബായുടെ മഹത്വത്തിലേക്കെത്തുമ്പോൾ ഉയർപ്പും വീഴ്ചയിൽ നിന്നുള്ള എഴുന്നേൽപ്പും സാധകമാകും.

ഏവർക്കും ഈ മഹത്വ പ്രത്യക്ഷത ലഭ്യമാകട്ടെ !

എല്ലാവർക്കും സ്നേഹാശംസകൾ,

പ്രാർത്ഥനയോടെ,

ഫാ. തോമസ്കുട്ടി പി.എൻ.
(വികാരി)

## MESSAGE FROM

# Hon. Trustee & Hon. Secretary





കർത്താവിൽ പ്രിയരേ,

ദൈവത്തിന്റെ കൃപയിൽ മറ്റൊരു മാസത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ, നമ്മുടെ ഇടവകയുടെ കൂട്ടായ്മയും പ്രവർത്തനങ്ങളും കൂടുതൽ അർത്ഥവത്താകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ആരാധനാലയം എന്നത് ആരാധനയ്ക്കുള്ള ഇടം മാത്രമല്ല; സ്നേഹിക്കാനും പങ്കുവെക്കാനും പരസ്പരം താങ്ങാകാനും പഠിക്കുന്ന ഒരു ആത്മീയ കുടുംബമാണ്. ഈ മനോഭാവത്തോടെ, നമ്മുടെ ഓരോ പ്രവർത്തനവും കൂടുതൽ ആത്മാർത്ഥതയോടെയും ഉത്തരവാദിത്വത്തോടെയും നിർവഹിക്കേണ്ടത് നമ്മുടെ കടമയാണ്.

കഴിഞ്ഞ മാസം സമാപിച്ച സമ്മർ ക്യാമ്പ് നമ്മുടെ കുട്ടികൾക്ക് മറക്കാനാവാത്ത അനുഭവങ്ങളും പുതിയ അറിവുകളും സന്തോഷകരമായ ഓർമ്മകളും സമ്മാനിച്ച അനുഗ്രഹീതമായ ഒരു പരിപാടിയായിരുന്നു. ഇതിന്റെ വിജയത്തിനായി പിന്നണിയിൽ ആത്മാർത്ഥമായി പ്രവർത്തിച്ച കമ്മിറ്റി അംഗങ്ങൾക്കും കോർഡിനേറ്റർമാർക്കും, കുട്ടികൾക്ക് മാർഗ്ഗ നിർദ്ദേശവും പിന്തുണയും നൽകി പ്രവർത്തിച്ച കൺവീനർക്കും ഗൈഡുമാർക്കും ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും അറിയിക്കുന്നു.

അതുപോലെ, വളരെ അനുഗ്രഹപ്രദമായ ആത്മീയ ചൈതന്യത്തോടെ നടത്തപ്പെട്ട ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളിന്റെ വിജയത്തിനായി നേതൃത്വം നൽകുകയും പിന്തുണ നൽകുകയും ചെയ്ത നമ്മുടെ വികാരി റവ. ഫാ. തോമസ് കുട്ടി പി. എൻ. അച്ചനോടും, റവ. ഫാ. ലിറ്റോ ജേക്കബ് അച്ചനോടും പ്രത്യേകമായ നന്ദിയും സ്നേഹവും അറിയിക്കുന്നു.

ഈ പെരുന്നാളിന്റെ പൂർണ്ണതയ്ക്കായി ആത്മാർത്ഥമായി പ്രവർത്തിച്ച എല്ലാവരുടെയും സേവനത്തെ നന്ദിയോടെ സ്മരിക്കുന്നു. പ്രത്യേകിച്ച് നേർച്ചക്കാഴ്ചകൾ സമർപ്പിക്കുകയും നേർച്ചയുടെ വിവിധ ക്രമീകരണങ്ങളിൽ സഹകരിക്കുകയും ചെയ്ത എല്ലാ സഹോദരീ സഹോദരന്മാർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

അവധിക്കാലത്ത് മാതാപിതാക്കളെയും സഹോദരീ സഹോദരന്മാരെയും സന്ദർശിക്കുന്നതിനായി നാട്ടിലേക്ക് പോയിരിക്കുന്ന എല്ലാവരും സുരക്ഷിതമായും സന്തോഷത്തോടെയും തിരിച്ചെത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അവധിക്കാലത്തിന് ശേഷം സ്കൂളുകളും സൺഡേസ്കൂളും വീണ്ടും ആരംഭിക്കുകയാണ്. പുതിയ അധ്യയന വർഷത്തിലേക്ക് പ്രവേശിക്കുന്ന നമ്മുടെ എല്ലാ വിദ്യാർത്ഥികൾക്കും ഹൃദയം നിറഞ്ഞ ആശംസകളും പ്രാർത്ഥനകളും നേരുന്നു. അവരുടെ പഠനത്തിലും ആത്മീയ വളർച്ചയിലും ദൈവത്തിന്റെ അനുഗ്രഹം എന്നും ഉണ്ടാകട്ടെ.

ചെറിയൊരു സേവനം പോലും വലിയൊരു ദൗത്യത്തിന്റെ ഭാഗമാകുന്നു എന്ന ബോധ്യത്തോടെ, പരസ്പരം കൈകോർത്തും സഹകരിച്ചും നമ്മുടെ ഇടവകയുടെ പ്രവർത്തനങ്ങളെ കൂടുതൽ ശക്തമായി മുന്നോട്ട് കൊണ്ടുപോകാം.

ദൈവത്തിന്റെ അനുഗ്രഹവും എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും എന്നും നമ്മുടെ ഇടവകയോടൊപ്പമുണ്ടാകട്ടെ.

സ്നേഹപൂർവ്വം,

പ്രാർത്ഥനയോടെ,

ജോൺ കെ.പി.
(കത്തീഡ്രൽ ട്രസ്റ്റി)

കുരുവിള പാപ്പി (എബി)
(കത്തീഡ്രൽ സെക്രട്ടറി)

# പെരുന്നാൾ ആചരണം വേദപുസ്തക അടിസ്ഥാനം



പെരുന്നാളുകൾ എന്ന വാക്കിന്റെ അർത്ഥം വലിയ ദിവസങ്ങൾ എന്നാണ്. ഉത്സവങ്ങളായി ആ ദിവസങ്ങൾ ആഘോഷിക്കപ്പെടുന്നു. യേശു ക്രിസ്തുവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ, സഭാചരിത്രത്തിലെ സുപ്രധാന സംഭവങ്ങൾ (പെന്തിക്കോസ്തി, സ്ലീബാ പെരുന്നാൾ) അപോസ്തോലന്മാർ സഭാപിതാക്കന്മാർ തുടങ്ങിയവരുടെ ഓർമ്മ ദിവസങ്ങൾ അനുസ്മരിക്കാനും, ആചരിക്കപ്പെടുവാനാണ് പെരുന്നാളുകൾ നടത്തുന്നത്. ആരുടെ നാമത്തിൽ ഒരു ദേവാലയം സ്ഥാപിക്കപ്പെട്ടിരിക്കുന്നുവോ ആ പരിശുദ്ധന്റെ ഓർമ്മ ദിവസമോ ശിലാസ്ഥാപനം നടത്തിയ ദിവസമോ ആയിരിക്കും ആ ഇടവകയുടെ പ്രത്യേക പെരുന്നാൾ.

മതപരമായ സന്തോഷത്തിന്റെ കാലഘട്ടമാണ് പെരുന്നാൾ സമയം. യഹോവയുടെ കല്പന പ്രകാരം ജനങ്ങൾ തങ്ങളുടെ ഗ്രാമങ്ങളിൽ പെരുന്നാളുകൾ ആചരിക്കുന്നു. (പുറപ്പാട് 23:14) സൃഷ്ടാവായ യഹോവയ്ക്ക് ഇസ്രായേൽ മക്കളോടുള്ള കരുതലിന്റെയും സ്നേഹത്തിന്റെയും ഉടമ്പടിയുടെ അടയാളമായിട്ട് യിസ്രായേൽ ജനം പെരുന്നാൾ ആചരി ക്കുന്നു (ലേവ്യ 23:40). നമ്മുടെ കർത്താവ് പെരുന്നാളിൽ സംബന്ധിക്കാൻ മാതാപിതാ ക്കളുടെ ഒപ്പം യെരുശലേമിലേക്ക് പോകുന്നു (ലൂക്കോസ് 2:41). യഹോവയായ ദൈവം പെരുന്നാളുകൾ ഏർ പ്പെടുത്തുക മാത്രമല്ല ആചരിക്കേണ്ട വിധം നിശ്ചയിക്കുകയും ആചരിച്ചില്ലെങ്കിൽ വരുന്ന ശിക്ഷ നിശ്ചയിക്കുകയും ചെയ്തു (ലേവ്യ 23:1, സംഖ്യ 15:32).

പെരുന്നാൾ ആചരിക്കാത്തവരെ ജനത്തിന്റെ ഇടയിൽ നിന്നും ഛേദിച്ചു കളയണം എന്നുള്ളതായിരുന്നു നിയമം (സംഖ്യ 9:13). ദാവീദ് ദൈവത്തിന്റെ പെട്ടകം വഹിച്ച് കിന്നരം വീണ, തപ്പ്, കാഹളം, കൈത്താളം എന്നീ വാദ്യങ്ങളുമായി ആഘോഷമായി യിസ്രായേലിലേക്ക് വരുമ്പോൾ പെട്ടകം വഹിക്കാൻ നിയമിതരായ ഉസ്സയും, അഹ്യോവും അലക്ഷ്യമായി പ്രവർത്തിച്ചു അവിവേകം കാണിച്ചു. ദൈവകോപം അവരുടെ മേൽ ഉണ്ടായി. അവർ രണ്ടു പേരും അവിടെ മരിച്ചു വീണു. പെരുന്നാളുകളിൽ അവിവേകം അജ്ഞതയാൽ ഉണ്ടായാൽ പോലും ദൈവകോപവും മരണവും ഉണ്ടാകുന്നു.

ദൈവ മാതാവിന്റേയും പരിശുദ്ധന്മാരുടെയും പെരുന്നാളുകൾ നാം ആഘോഷിക്കുന്നതിന്റെ അടിസ്ഥാനം നാമും കർത്താവിന്റെ ശരീരമാകുന്ന സഭയിലെ സജീവമായ അംഗങ്ങളും പരസ്പരം ബന്ധത്തിൽ നിലനില്ക്കുന്നവരും ആകുന്നു എന്നുള്ളതത്രെ. പെരുന്നാൾ ആചരണം മൂലം അവരുടെ ജീവിത മാതൃകയും വിശ്വാസ സ്ഥിരതയും കർത്താവിനോടുള്ള സ്നേഹവും നമ്മുടെ ജീവിതത്തിൽ പകർത്തുവാൻ ഇടയാകണം. ദൈവകൃപയും ശക്തിയും അവരുടെ മധ്യസ്ഥത വഴിയായി ലഭിക്കുന്നതിനും ഇടയാകുന്നു. പരിശുദ്ധന്മാരും സഹദേന്മാരും ജീവിച്ചിരുന്നപ്പോൾ നേടിയതിനേക്കാൾ പതിന്മടങ്ങ് ശക്തി ഈ ലോകം വിട്ടതിനു ശേഷം

ദൈവത്തിൽ നിന്നും ആർജ്ജിച്ചു കൊണ്ടിരിക്കുകയാണ്. അവർ കർത്താവിൽ വളർന്നുകൊണ്ടിരിക്കുന്നു (എഫേ 4:12,13). നാം അവരോട് മധ്യസ്ഥത യാചിക്കുമ്പോൾ നമ്മുടെ ശുദ്ധീകരണത്തിനും ആത്മീയ വളർച്ചയ്ക്ക് വേണ്ടി അവരും പ്രാർത്ഥിക്കുന്നു. അവരുടെ മധ്യസ്ഥതയിലൂടെ അന്യോന്യം ശക്തി പ്രാപിക്കുവാനും കൃപ പങ്കിടുവാനും സ്നേഹം പകർന്നു കൊടുക്കുവാനും നമ്മുക്കും സാധ്യമാകണം. പരിശുദ്ധന്മാർ കർത്താവിനെ സ്നേഹിച്ചവരും കർത്താവിനുവേണ്ടി ജീവൻ വെച്ചവരുമാണ്. (യോഹ 14:31, 14:19-23, 15:9, 17:10) കർത്താവ് അവരെ ബഹുമാനിക്കുകയും അവരുടെ ഓർമ്മയെ സ്വർഗ്ഗത്തിലും ഭൂമിയിലും ശ്രേഷ്ഠമാക്കുകയും ചെയ്യുന്നു.

എല്ലാവർക്കും സ്നേഹാശംസകൾ,
റവ. ഫാ. ലിറ്റോ ജോസഫ്



# SPARSHA 2026
## SUMMER FIESTA
















# SPARSHA 2026
## SUMMER FIESTA FINALE
### FRIDAY 31ST JULY 2026















# HOLY QURBANA SCHEDULE SEPTEMBER - 2026

| | | |
|---|---|---|
| Friday | 4,11,18,25 | 6.30 AM |
| Saturday | 5,12,19,26 | 6.15 PM |
| Sunday (Sleeba Perunnal) | 13 | 6.15 PM |
| Wednesday | 2,9,16,23,30 | 6.15 PM |
| Saphiro Family | Once in a month | |
| Sabro Fasting Prayer | 19 | 10.00 AM |

## SPIRITUAL ORGANIZATION'S MEETINGS & EVENTS

| Spiritual Organization | Meeting/Acitivity | Timing |
|---|---|---|
| Amoss | Thursday's | After evng. prayer |
| Cathedral Choir | Practice on Monday's | 7.45 PM - 9.30 PM |
| Divyabodhanam | Monday's & Tuesday's | 8.00 PM - 9.30 PM |
| Gavels Club | 2nd Friday<br>4th Friday | 5.00 PM - 6:00 PM<br>12:30 PM - 1:30 PM |
| MGOCSM | Friday's (except 4th Friday) | 12.30 PM - 1.30 PM |
| Martha Mariam Vanitha Samajam | Thursday's | 6.00 PM - 7.00 PM |
| Medical Auxiliary Forum | First Friday | After Holy Qurbana |
| St. Dionysius Orthodox Fellowship | 1st & 3rd Wednesday | 8.30 PM - 10.00 PM |
| St. Joseph Orthodox Fellowship | Fourth Wednesday | After Holy Qurbana |
| St. Paul's Suvisesha Sangham | Sunday's | 7.40 PM - 9.00 PM |
| St. Thomas Orthodox Christian Youth Movement | Saturday's | 8.30 PM - 10.00 PM |
| Sunday School | Friday's | 10.30 AM - 12.30 PM |

## ആദരാഞ്ജലികൾ



**Mr. Joseph Cheenikala Chacko (70)**
Former Cathedral Member
(Edavaka Reg. No. 267)
Taken to Heavenly abode on : 02/08/2026



**Mrs. Annie Babu (80)**
Former Cathedral Member
(Edavaka Reg. No. 540)
Taken to Heavenly abode on : 13/08/2026

# AREA PRAYER MEETING

| DATE & TIME | AREA | HOST & VENUE |
|---|---|---|
| 04/09/2026<br>6:00 PM | Sh. Hamad - Gufool | Mr. Aji Daniel (Roll No. 1527)<br>Mob : 39805955<br>*Venue:* Flat No. 21, Bld. 1009 A,<br>Road 1225, Block 312, Gufool |
| 04/09/2026<br>6:00 PM | Church Area South | *Venue:* Theophilos Hall |
| 04/09/2026<br>7:30 PM | Church Area North | Mrs. Lizzy Mathew (Roll No. 2648)<br>Mob : 36189432<br>*Venue:* Church Balcony |
| 04/09/2026<br>7:30 PM | Manama | Mr. Reji Kunjukutty (Roll No. 1071)<br>Mob : 33101482<br>*Venue:* Theophilos Hall |
| 11/09/2026<br>6:00 PM | Gudaibiya - Hoora | To be Announced |
| 18/09/2026<br>6:00 PM | Adliya - Um Al Hassam | Mr. Benz Oommen Bappu (Roll No. 2962)<br>Mob : 39533909<br>*Venue:* Theophilos Hall |
| 18/09/2026<br>6:00 PM | Salmaniya | Mr. Alex Baby (Roll No. 54)<br>Mob : 39662085<br>*Venue:* Flat No. 3, Bldg 102, Road 2901,<br>Block 329, Salmaniya |
| 18/09/2026<br>6:00 PM | Salmabad - Budaiya | Mr. Thankachan Varkey (Roll No. 1265)<br>Mob : 36560614<br>*Venue:* Church Balcony |
| 18/09/2026<br>6:00 PM | Isa Town - Tubli | To be Announced |
| 18/09/2026<br>7:30 PM | Segaya - Zinj | Mr. Jishnu P. Joy (Roll No. 1261)<br>Mob : 38448478<br>*Venue:* Theophilos Hall |
| 18/09/2026<br>7:30 PM | Khamis - Sehla | Mr. Sony Varghese (Roll No. 1452)<br>Mob : 39429261<br>*Venue:* Church Balcony |
| 25/09/2026<br>5:00 PM | Riffa - Sitra | To be Announced |
| 25/09/2026<br>7:30 PM | Muharraq | Mr. Binu Yohannan Varghese (Roll No. 2822)<br>Mob : 33101482<br>*Venue:* Church Balcony |

# FAREWELL



**Miss. Serene Sara Philip**
**D/o Mr. Philip Mammen P. &**
**Mrs. Princy Philip** (Roll No. 2746)



**Master Aaron Binu**
**S/o Mr. Binu Thomas &**
**Mrs. Jincy Vargehse** (Roll No. 1501)

# NEW MEMBERS



Mr. Akhil George Ajai | Mob : 33999478 | Roll No : 3129

Flat No. 12, Classic Summer Sand Apartment, Near Bharath Matha College
Thrikkakara, Ernakulam Dist., Kerala - 682021

Home Parish : St. Thomas Orthodox Cathedral, Ranny

Diocese : Nilackal | Prayer Group : Salmaniya



Mr. Bibin Yohannan Vaghese | Mob : 37143450 | Roll No : 3130

Vilayil Tharayil, Pynummoodu, Kunnam P.O.
Mavelikara, Alapuzha Dist., Kerala 690108

Home Parish : St. George Orthodox Syrian Church

Diocese : Mavelikara | Prayer Group : Muharraq



Mr. Blessan Kurien Thomas | Mob : 33654458 | Roll No : 3131

Mullamangalam House, Memala, Vennikulam P.O.,
Thiruvalla, Pathanamthitta Dist., Kerala - 689544

Home Parish : St. Thomas Orthodox Syrian Church Memala

Diocese : Niranam | Prayer Group : Adiliya-Um Al Hassam

# പരിശുദ്ധ ദൈവ മാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ










**EDITORIAL BOARD**

CHIEF EDITOR



**RICHI** MATHEW JOSHUA

EDITOR



**ROMY** VILAYIL MATHEW

EDITOR



**AJU** K. DANIEL


Favours
Received
Well Wisher